بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 29.08.14 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*29.08.14 ന് ഹദീഖത്തുൽ മഹ്ദി ലണ്ടനിൽ നിർവഹിച്ച ജുമുആ ഖുത്ബയുടെ സംഗ്രഹം*

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ നിന്ന് ഓരോ ചുവടിലും മാർഗദർശനങ്ങൾ ലഭിക്കുന്ന നമ്മൾ സൗഭാഗ്യവാന്മാരാണ്. ഇസ്‌ലാമിന്റെ യാഥാർഥ്യവും തഖ്‌വയെ കുറിച്ചുള്ള അറിവും നമുക്ക് ലഭിക്കുന്നു. എങ്ങനെയാണ് പിന്തുടരേണ്ടതെന്നും എങ്ങനെയാണ് പിൻപറ്റേണ്ടതെന്നും അറിയാത്ത ചിതറിക്കിടക്കുന്ന മുസ്‌ലീംകളെപ്പോലെയോ നാമധാരികളായ നേതാക്കന്മാരും മതനേതാക്കന്മാരും തെറ്റായി നേതൃത്വം കൊടുത്തുകൊണ്ട് പരസ്പരം കഴുത്തറുത്തിടുന്ന സാധാരണ മുസ്‌ലീംകളെപ്പോലെയോ അല്ല നാം.**

ഇന്നു വൈകുന്നേരം ഇൻശാഅല്ലാഹ് യു.കെ. അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസ ഔദ്യോഗികമായി തുടങ്ങുകയാണ്. എന്തായാലും ഈ ജുമുആയും ജൽസയുടെ ഭാഗമാണ്. ജൽസസാലാനയിൽ പങ്കെടുക്കാൻ വരുന്ന അതിഥികൾ ഒരു സദുദ്ദേശ്യത്തോടെയാണ് വരുന്നതെന്ന് കഴിഞ്ഞ ഖുത്ബയിൽ ഞാൻ പറഞ്ഞിരുന്നു. ദീനിന്റെ യഥാർഥ ജ്ഞാനം കരസ്ഥമാക്കുക, ദീൻ പഠിക്കുക, ആത്മീയതയിൽ പുരോഗതിനേടാൻ ശ്രമിക്കുക എന്നിവയാണ് ആ ഉദ്ദേശ്യങ്ങൾ. നല്ല ചുറ്റുപാടിന്റെ സ്വാധീനത്തിൽ തന്റെ സ്വാഭാവികമായ നന്മയെ മുമ്പത്തെക്കാൾ ഉത്തമമാക്കാൻ ശ്രമിക്കുക. നമ്മൾ ചെയ്തിട്ടുള്ള 'ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുക' എന്ന പ്രതിർജ്ഞ പൂർത്തിയാക്കാൻ ഉന്നതമായ വഴികൾ അടയാളപ്പെടുത്തി, അറിവ് സമ്പാദിച്ച്, പിന്നീട് അതിലൂടെ നടക്കാൻ ശ്രമിക്കുക. മനുഷ്യരോടുള്ള കടമകൾ നിറവേറ്റുന്നതിലേക്ക് മുമ്പത്തെക്കാളേറെ ശ്രദ്ധയുണ്ടാക്കുക. സ്വന്തം നാവുകളെ ദൈവസ്മരണയാൽ ആർദ്രമാക്കുകയും ആർദ്രമാക്കിവെക്കാൻ ശ്രമിക്കുകയും ചെയ്യുക. ഇനി ഇതെല്ലാം മുമ്പേമുതൽ ചെയ്തുവരുന്നതാണെങ്കിൽ അതിനെക്കാൾ കൂടുതൽ അതിനുവേണ്ടി ശ്രമിക്കുക. ആരാധനാ കർമങ്ങളിലേക്ക് ശ്രദ്ധിക്കുകയുംഅല്ലാഹുവും അവന്റെ റസൂലും നമ്മളിൽനിന്ന് ആഗ്രഹിക്കുന്ന നിലവാരത്തിൽ അതിനെ കൊണ്ടു വരാൻ ശ്രമിക്കുകയും വേണം. അല്ലാഹു വിശുദ്ധ ഖുർആനിൽ പറഞ്ഞിട്ടുള്ളതാണ് ആ നിലവാരം. അതായത് ജിന്നിന്റേയും ഇൻസിന്റേയും സൃഷ്ടിയുദ്ദേശ്യം, തന്നെ ആരാധിക്കലാണെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. അല്ലാഹു പറയുന്നു: " وَمَا خَلَقْتُ الْجِنَّ وَالْإِنْسَ إِلَّا لِيَعْبُدُوْنِ ജിന്നിനേയും ഇൻസിനേയും എന്നെ ആരാധിക്കുന്നതിനുവേണ്ടിയിട്ടാണ് ഞാൻ സൃഷ്ടിച്ചിട്ടുള്ളത്.' ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: 'ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യജീവിതത്തിന്റെ യഥാർഥ ഉദ്ദേശ്യം ദൈവാരാധനയും ദൈവജ്ഞാനം കരസ്ഥമാക്കലും അല്ലാഹുവിനുവേണ്ടി ആയിത്തീരലുമാണ്. ജൽസ സാലാനയിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയുടേയും ജോലി തങ്ങളുടെ യാത്രയേയും ഇവിടെ വരുന്നതിന്റെ ഉദ്ദേശ്യത്തേയും അല്ലാഹുവിനുവേണ്ടിയുള്ള യാത്രയും അവന്റെ തൃപ്തി കരസ്ഥമാക്കാനുള്ള മാർഗവും ആക്കിത്തീർക്കുക എന്നതാണ്. ഇതല്ലായെങ്കിൽ പ്രയാസങ്ങൾ സഹിച്ചും പണം ചെലവഴിച്ചും ജൽസയിൽ പങ്കെടുക്കുന്നത്, അതിന്റെ ഉദ്ദേശ്യത്തെ പൂർത്തിയാക്കുന്നതാകുകയില്ല. അതുകൊണ്ട് ഇത് ജൽസയിൽ പങ്കെടുക്കുന്നവരുടെ വളരെ വലിയ ഉത്തരവാദിത്തമാണ്. ഈ ഉത്തരവാദിത്തങ്ങൾ നിറവേറ്റുക എന്നതുതന്നെ, അതിന്റെ പ്രാധാന്യം വർധിപ്പിക്കുന്നു. അതുകൊണ്ട് കഴിഞ്ഞ ഖുത്ബയിൽ ഞാൻ പറഞ്ഞതുപോലെ ഈ സൽക്കാര്യങ്ങൾ ചെയ്യാൻ വരുന്ന അതിഥികൾക്ക് സേവനം ചെയ്യാൻവേണ്ടി തങ്ങളെ സമർപിക്കുന്ന പ്രവർത്തകർക്കും പ്രാധാന്യമുണ്ട്. എന്നല്ല അത്തരം അതിഥികളെ സേവിച്ചുകൊണ്ടിരിക്കുന്ന കാരണത്താൽ പ്രവർത്തകരുടെ പുണ്യവും പ്രാധാന്യവും ഇതിന്റെ അടിസ്ഥാനത്തിൽ പല മടങ്ങായി ഉയരുന്നു. അതിനോടൊപ്പം പരിപാടികൾകേട്ട്, ഈ ജൽസ ചുറ്റുപാടിൽ പങ്കെടുത്ത് തങ്ങളുടെ കർമപരവും വിശ്വാസപരവുമായ ജീവിതത്തിൽ ഉയർച്ചയ്ക്കുള്ള സാഹചര്യവും ഒരുക്കുന്നു. ഇക്കാര്യം അതിഥിയും ആതിഥേയനും പ്രവർത്തകനും ഡ്യൂട്ടി നല്കുന്നവനും ഓർമ വെക്കേണ്ടതാണ്. അതായത് ഈ 3 ദിവസം അവരുടെ കർമപരവും വിശ്വാസപരവുമായ ഉയർച്ചയ്ക്കുള്ള ട്രൈനിംഗ് ക്യാമ്പാണ്. അതിനാൽ അതിനെ പരിപൂർണമായും പ്രയോജനപ്പെടുത്താൻ ശ്രമിക്കുക. അതിനുവേണ്ടി തങ്ങളുടെ സകല ശ്രദ്ധയോടും ശക്തിയോടും കൂടി അതിൽ ഭാഗഭാക്കാക്കുക. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞ ജൽസയുടെ ആ ഉദ്ദേശ്യങ്ങൾ എപ്പോഴും നിങ്ങളുടെ മുമ്പിൽ വെക്കേണ്ടതാണ്. തന്നെ വിശ്വസിക്കുന്നവർ തന്റെ ജൽസയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഈ ആത്മീയാന്തരീക്ഷത്തിന്റെ മുന്നിൽ വെച്ചുകൊണ്ട്, ലോകത്തിന് അനുകരാണാർഹമാക്കിത്തീർക്കേണ്ടതാണ്; ലോകം അതിന്റെ പിന്നാലെ നടക്കാൻ. ആ മഹാത്മാവ് പറഞ്ഞു, "എന്നെ വിശ്വസിക്കുന്നവരുടെ മനസ്സ് പരലോകത്തേക്ക് പൂർണമായും കുനിയുമാറാകണം. അതായത് അവർക്കെപ്പോഴും പരലോകത്തെ കുറിച്ചായിരിക്കണം ചിന്ത. ഇതൊരു നിസാരകാര്യമല്ല. മനുഷ്യന് സ്വന്തം പരിശ്രമം കൊണ്ട് ഈ സ്ഥാനം കരസ്ഥമാക്കാൻ കഴിയുകയില്ല. അതിനുവേണ്ടി എത്രത്തോളം പ്രവർത്തിക്കാൻ കഴിയുമോ അത്രത്തോളം പ്രവർത്തിച്ച് പിന്നീട് ദുആയിൽ മുഴുകുക. അല്ലാഹുവേ! ലോകത്തുള്ള പ്രശ്നങ്ങളും തടസങ്ങളും ഓരോ ചുവടിലും എന്റെ വഴി

യിൽ മറയായി നില്ക്കുന്നു. നീ നിന്റെ ഫള്ലുകൊണ്ട് എന്നെ നിന്റെ തൃപ്തിയുടെ ഈ ഇടവഴിയിൽ നടത്തിയാലും; നിന്റെ പ്രിയപ്പെട്ടവനും സ്നേഹിതനും എത്രമാത്രം ഭയം നിന്നെ ക്കുറിച്ച് ഉണ്ടാകണമോ അത്രമാത്രം എന്റെ മനസ്സിൽ ഉണ്ടാ ക്കിയാലും. ആ ഭയംഉണ്ടാകുന്നത് എന്തെങ്കിലും അക്രമം കാരണത്താലല്ല. മറിച്ച് സ്നേഹംകൊണ്ടാണ്. എന്റെ ഒരു കർമവും നിന്റെ വെറുപ്പിന് കാരണമാകാതിരിക്കണം. നിന്റെ കല്പനയനുസരിച്ചുള്ള നന്മയിലേക്ക് എന്റെ ഓരോ ചുവടും ഉയർത്തേണമേ. നീ ചെയ്യരുതെന്ന് കല്പിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും എന്റെ ബുദ്ധിയിൽനിന്ന് വെറുപ്പോടെ പുറത്താ ക്കുന്നതാക്കേണമേ. തഖ്‌വയിലൂടെ നടന്നുകൊണ്ട് സൃഷ്ടി കളോടുള്ള കടമ നിറവേറ്റുന്നവനാക്കേണമേ. അല്ലാഹുവി നോടുള്ള കടമ നിറവേറ്റുന്നതിലേക്ക് എന്റെ ശ്രദ്ധ എപ്പോഴും നിലകൊള്ളുന്നതാക്കേണമേ. നീ എന്റെ ജീവിതത്തിന്റെ ഉദ്ദേശ്യം എന്തൊന്നാണോ പറഞ്ഞിട്ടുള്ളത് എന്നെ അത് കരസ്ഥമാക്കുന്നവനാക്കേണമേ. അതായത് നീ നിന്റെ ദാസ രിൽനിന്ന് ആഗ്രഹിക്കുന്ന നിലവാരത്തിൽ ആരാധനകൾ നിറവേറ്റുന്നവനാക്കേണമേ. ശ്രേഷ്ഠ സ്വഭാവത്തിലും എന്നെ ഒരു മാതൃകയാക്കേണമേ. എങ്ങനെയെന്നാൽ അതിനെ അനു കരിക്കുന്നത് ജനങ്ങൾ അഭിമാനമായി മനസ്സിലാക്കണം. അതുകൊണ്ട് ഈ ജൽസയിൽ പങ്കെടുത്ത് നിങ്ങളുടെ ദുആ കളും ചിന്താധാരകളും ഇങ്ങനെയാക്കിത്തീർക്കേണ്ട ആവ ശ്യമുണ്ട്. അല്ലാഹു വിശുദ്ധ ഖുർആനിലൂടെ നമുക്ക് ആരാ ധനകളുടെ മാർഗങ്ങൾ പറഞ്ഞുതന്ന്, അതിന്റെ നിലവാരം കരസ്ഥമാക്കുന്നതിനുള്ള വഴികൾ കാണിച്ച്, നമ്മളിൽ വലിയ ഒരു ഔദാര്യം ചെയ്തതോടൊപ്പം, സൃഷ്ടികളോടുള്ള കട മകളുമായി ബന്ധപ്പെട്ട ഉൽക്കൃഷ്ട സ്വഭാവങ്ങളും അടയാള പ്പെടുത്തിത്തന്നു. ഉൽക്കൃഷ്ട സ്വഭാവം കരസ്ഥമാക്കുകയും അത് പ്രദർശിപ്പിക്കുകയും ചെയ്യേണ്ടത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ജൽസയിൽ പങ്കെടുക്കുന്നവർക്ക് നിർബ ന്ധമാണെന്ന് പറഞ്ഞിരിക്കുന്നു. അവിടന്ന് ഈ നിലവാരത്തെ കുറിച്ച് ഒരിടത്ത് ഇങ്ങനെ പറഞ്ഞു, 'ഞാൻ സത്യമായും പറയുന്നു, തന്റെ സൗഖ്യത്തെക്കാൾ തന്റെ സഹോദരന്റെ സൗഖ്യത്തിന് കഴിയുന്നിടത്തോളം മുൻഗണന നല്കാത്തി ടത്തോളം മനുഷ്യന്റെ വിശ്വാസം ഒരിക്കലും ശരിയാവുക യില്ല. ഇതൊരു നിസ്സാര കാര്യമല്ല. ഈ നിലവാരം കരസ്ഥ മാക്കുക എന്നത് ഒരു സാധാരണ കാര്യവുമല്ല. മറ്റുള്ളവരുടെ സൗഖ്യത്തെ ശ്രദ്ധിക്കുന്ന ഒരു പാടാളുകളുണ്ട്. പക്ഷേ, തന്റെ മാർഗങ്ങളുടെ അടിസ്ഥാനത്തിൽനിന്ന് തന്റെ സൗഖ്യത്തെ ബലിയർപിക്കാതെ 'ഈ ചിന്ത വെച്ചുപുലർത്താൻ കഴിയു മെങ്കിൽ വെക്കണം' അത്രമാത്രം. തന്റെ സൗഖ്യത്തെക്കാൾ മറ്റുള്ളവരുടെ സൗഖ്യത്തിന് മുന്തൂക്കം കൊടുക്കുന്നവർ വള രെക്കുറച്ചേ കാണാൻ കഴിയുന്നുള്ളു. രക്തബന്ധുക്കളിലും ചിലയാളുകൾ ചില ഘട്ടങ്ങളിൽ അത്തരം ത്യാഗങ്ങൾ ചെ യ്യാറുണ്ട്. അതായത് തന്റെ സൗഖ്യത്തെ ത്യാഗം ചെയ്യുന്നു. പക്ഷേ, വളരെ കുറച്ചുപേരാണ് അങ്ങനെയുള്ളത്. എല്ലാ ഓരോരുത്തർക്കും ഈ നിലവാരത്തിലുള്ള ത്യാഗം വളരെ പ്രയാസകരമാണ്. എന്നല്ല മറ്റുള്ളവരുടെ സൗഖ്യത്തെ സംബ ന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു:

'മറ്റുള്ളവരുടെ ബുദ്ധിമുട്ടുകളെ തന്റെ സ്വന്തം ബുദ്ധിമുട്ടാ യിട്ട് മനസ്സിലാക്കാത്തിടത്തോളം യഥാർഥ വിശ്വാസിയായി ത്തീരുകയില്ല.' ഈ വാക്കുകൾ എന്റേതാണ്. ഇതിലെ ഉള്ള ടക്കം ഞാൻ പറഞ്ഞതുതന്നെയാണ്. ആ മഹാത്മാവ് പറ ഞ്ഞു: 'രോഗിയായി എന്റെ സഹോദരൻ ബുദ്ധിമുട്ടിൽ അക പ്പെട്ടിരിക്കുകയും ഞാൻ സുഖമായി ഉറങ്ങുകയുമാണെങ്കിൽ എന്റെ അവസ്ഥയിൽ അഹോ കഷ്ടം! എന്റെ കഴിവിന്റെ പരമാവധി അവന്റെ സൗഖ്യത്തിനുള്ള സാഹചര്യം ഒരുക്കി ക്കൊടുക്കേണ്ടത് എന്റെ നിർബന്ധ കടമയാണ്. എന്റെ ഒരു ദീനീ സഹോദരർ തന്റെ ശരീരേച്ഛയ്ക്കടിപ്പെട്ട് എന്നോടു കഠിനമായി സംസാരിക്കുകയാണെങ്കിൽ അപ്പോഴും ഞാൻ അറിഞ്ഞുകൊണ്ടും മനപൂർവവും അവനോടു കാഠിന്യം കാണിച്ചാൽ എന്റെ അവസ്ഥയിൽ അഹോ കഷ്ടം! എന്റെ ജോലി ക്ഷമ പ്രദർശിപ്പിക്കുകയും അയാൾക്കുവേണ്ടി കര ഞ്ഞ് കരഞ്ഞ് - അയാൾ ആത്മീയമായ നിലയിൽ രോഗിയാ ണ്, അല്ലാഹു അയാളെ നന്നാക്കട്ടെ- എന്ന് പ്രാർഥിക്കു കയുമാണ് വേണ്ടത്. ഇതാണ് അല്ലാഹു വിശുദ്ധ ഖുർആ നിൽ കല്പിച്ച **റുഹമാഉ ബയ്നഹും** എന്ന നിലവാരം. അതാ യത് സത്യവിശ്വാസികൾ പരസ്പരം കാരുണ്യത്തിന്റെ വികാ രങ്ങൾ ഉൾക്കൊള്ളുന്നവരും കരുണയുടെ വികാരത്താൽ പരസ്പരമുള്ള വേദന അനുഭവിച്ചറിയുന്നവരും, വേദന അനു ഭവിച്ച് അതിനുവേണ്ടി കർമപരമായി പ്രവർത്തിക്കുകയും ദുആ ചെയ്യുകയും ചെയ്യുന്നു.

ഈ നിലവാരം കരസ്ഥമാക്കാൻ ശ്രമിക്കുന്നവർ നമ്മളിൽ എത്ര പേരുണ്ടെന്ന് നമ്മൾ ആത്മപരിശോധന നടത്തേണ്ട താണ്. നമ്മൾ അതനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങിയാൽ നമ്മളിലെ ചെറുതും വലുതുമായ എല്ലാ കലഹങ്ങളും അവ സാനിക്കുന്നതായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ നിന്ന് ഓരോ ചുവടിലും മാർഗദർശനങ്ങൾ ലഭിക്കുന്ന നമ്മൾ സൗഭാഗ്യവാന്മാരാണ്. ഇസ്ലാമിന്റെ യാഥാർഥ്യവും തഖ് വയെ കുറിച്ചുള്ള അറിവും നമുക്ക് ലഭിക്കുന്നു. എങ്ങനെ യാണ് പിന്തുടരേണ്ടതെന്നും എങ്ങനെയാണ് പിൻപറ്റേണ്ട തെന്നും അറിയാത്ത ചിതറിക്കിടക്കുന്ന മുസ്ലീംകളെപ്പോ ലെയോ നാമധാരികളായ നേതാക്കന്മാരും മതനേതാക്കന്മാ രും തെറ്റായി നേതൃത്വം കൊടുത്തുകൊണ്ട് പരസ്പരം കഴു ത്തറുത്തിടുന്ന സാധാരണ മുസ്ലീംകളെപ്പോലെയോ അല്ല നാം. അവർക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവ ർക്ക് ബുദ്ധി നല്കുമാറാകട്ടെ. ഈ പ്രവർത്തനങ്ങൾകൊണ്ട് അല്ലാഹുവിന്റെ കോപത്തിന് ഇവർ ഇരയാകാതിരിക്കട്ടെ. ഇസ്ലാമിന്റെ തെറ്റായ ചിത്രം ലോകത്തിന്റെ മുമ്പിൽ അവ തരിപ്പിച്ചുകൊണ്ട് ഇസ്ലാമിനും നബി(സ)തിരുമേനിക്കും ചീത്തപ്പേരുണ്ടാക്കാൻ ശ്രമിക്കുന്നവർ ആകാതിരിക്കട്ടെ. നബി(സ)തിരുമേനി തന്നെ വിശ്വസിക്കുന്നവരെ പ്രശംസി ച്ചുകൊണ്ട് പറഞ്ഞത്, യഥാർഥ മുസൽമാൻ എന്നു പറയു ന്നത്, അവന്റെ നാവിൽനിന്നും കൈയിൽനിന്നും എല്ലാ മുസ് ലീംകളും മറ്റുള്ളവരും സുരക്ഷിതരായിരിക്കുമെന്നാണ്. ഹദ് റത്ത് മസീഹ് മൗഊദ്(അ)നമ്മളോട് തുറന്നു പറഞ്ഞു, യഥാ ർഥ മുസൽമാൻ എന്നതുകൊണ്ട് അവൻ സ്വയം മാത്രമല്ല, മറിച്ച് മറ്റുള്ള മതക്കാരും ശാന്തിയും സമാധാനത്തിലുമായി രിക്കും. വിശുദ്ധഖുർആൻ ഏതൊരു ഉൽക്കൃഷ്ട സ്വഭാവ ങ്ങളെക്കുറിച്ചാണോ പറയുന്നത് അവയിൽ ചിലത് ഞാൻ

പറയുകയാണ്. ഖുർആൻ പറയുന്നു: ആദ്യം നിങ്ങളിലുണ്ടായിരിക്കേണ്ട ഉൽക്കൃഷ്ട സ്വഭാവം

كُنْتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِالْمَعْرُوفِ وَتَنْهَوْنَ عَنِ الْمُنْكَرِ

(3:111) മനുഷ്യവംശത്തിന്റെ നന്മക്കായി എഴുന്നേല്പിക്കപ്പെട്ട ഏറ്റവും ഉൽക്കൃഷ്ട സമുദായമാണ് നിങ്ങൾ. നിങ്ങൾ നല്ല കാര്യങ്ങൾ നിർദേശിക്കുകയും ചീത്തക്കാര്യങ്ങൾ നിരോധിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഒരു സത്യവിശ്വാസിയുടെ അടയാളം, അല്ലെങ്കിൽ മുസ്‌ലിം ഉമ്മത്തിലെ അംഗമാണെന്നതിന്റെ അടയാളം അവൻ നന്മകൾ ഉപദേശിക്കുന്നവനും തിന്മയെ തടയുന്നവനുമായിരിക്കുമെന്നതാണ്. മറ്റുള്ളവർക്ക് ഗുണം ചെയ്യുന്നവനും അവരെ നഷ്ടത്തിൽനിന്ന് രക്ഷിക്കുന്നവനുമായിരിക്കും.

ലോകത്ത് ദാനധർമങ്ങൾ കൊടുക്കുന്നവരും ധർമനിഷ്ഠയുള്ളവരും ആരാണ്?എന്നതിനെ കുറിച്ചുള്ള ഒരു സർവേയുടെ ഫലം കഴിഞ്ഞ ദിവസം പുറത്തു വന്നിരുന്നു. വിവിധ മതങ്ങളെ വിശ്വസിക്കുന്നവർ തമ്മിലുള്ള താരതമ്യ പഠനത്തിൽ നിന്ന് മനസ്സിലായത് മുസ്‌ലീംകളാണ് ദാനധർമങ്ങളിൽ മറ്റുള്ളവരെക്കാൾ മുന്നിലെന്നാണ്. ഇത് നന്മയാണ്. മുസ്‌ലീംകളിൽ ദാനധർമങ്ങൾ ചെയ്യാനുള്ള കല്പനയുള്ള കാരണത്താലാണ് ഈ നന്മ ഈരീതിയിൽ നില്ക്കുന്നത്. ഇക്കൂട്ടർ മറ്റു നന്മകളും സ്വായത്തമാക്കുന്നവരായിത്തീരട്ടെ.

മറ്റുള്ളവർക്ക് തങ്ങളെക്കാൾ മുൻഗണന നല്കുകയെന്ന് അല്ലാഹു പറയുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'ജൽസയുടെ ഒരു ഉദ്ദേശ്യം ഇങ്ങനേയുമുണ്ട്. ധാരാളമാളുകൾ ഒരിടത്ത് സംഘടിക്കുമ്പോൾ പല ആവശ്യങ്ങളും ഉണ്ടാകും. അത്തരം സന്ദർഭത്തിൽ ഒരു യഥാർഥ അഹ്മദിയുടെ ജോലിതന്റെ ആവശ്യത്തെ മറ്റുള്ളവർക്കുവേണ്ടി ത്യാഗം ചെയ്യുക എന്നതാണ്. സ്നേഹത്തിന്റേയും ആത്മസമർപണത്തിന്റേയും മാതൃക കാണിക്കുക. ത്യാഗംചെയ്താൽ മാത്രംപോര, മറിച്ച് ആ മാതൃകയിൽനിന്ന് സ്നേഹവും ആത്മാർഥതയും ഇറ്റിറ്റു വീഴണം. അല്ലാഹുവിന് വിനയം വളരെ ഇഷ്ടമാണ്. ഒരു സത്യവിശ്വാസി വിനയനായിരിക്കണമെന്ന് ഉപദേശിക്കപ്പെട്ടിരിക്കുന്നു. ഒരുപാട് പ്രശ്നങ്ങൾ സമൂഹത്തിൽ ഉണ്ടാകാൻ കാരണം, അധികമായി ആളുകൾ സംഘടിക്കുമ്പോൾ അഹങ്കാരം ആ പ്രശ്നപരിഹാരത്തിന് തടസ്സമായി വരുന്നതുകൊണ്ടാണ്. ഒരു അഹ്മദി പ്രത്യേകമായ നിലയിൽ വിനയം കൈക്കൊള്ളുന്നതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. കാരണം അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ സ്വഭാവ ഗുണത്തെ പ്രത്യേകമായ നിലയിൽ പ്രശംസിക്കുക ഉണ്ടായി. അല്ലാഹു പറഞ്ഞു, 'നിന്റെ വിനയപൂർവമായ വഴികൾ എനിക്ക് ഇഷ്ടപ്പെട്ടിരിക്കുന്നു.' നമ്മൾ അദ്ദേഹത്തിന്റെ ആളുകളാണെന്ന് പറയുമ്പോൾ ഈ സ്വഭാവ ഗുണം സ്വായത്തമാക്കുന്നതിലേക്കും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇപ്രകാരം തന്നെയാണ് സൽഭാവന, സത്യസന്ധത, സത്യസന്ധത പ്രകടിപ്പിക്കൽ തുടങ്ങിയവ. എല്ലാ അവസ്ഥയിലും സത്യസന്ധത പ്രകടിപ്പിക്കേണ്ടത് നിർബന്ധമാണ്. എന്നല്ല അല്ലാഹു പറയുന്നു: സത്യസന്ധതയുടെ നിലവാരവും നീതിയുടെ നിലവാരവും എത്രമാത്രം ഉയർന്നതായിരിക്കണമെന്ന് വെച്ചാൽ തനിക്കോ തന്റെ പ്രിയപ്പെട്ടവർക്കോ എതിരാണെങ്കിൽ പോലും സത്യസന്ധത ഒരിക്കലും കൈവിട്ടു കളയരുത്. മാപ്പ് നല്കേണ്ടതാണ്. ക്ഷമ കൈക്കൊള്ളേണ്ടതാണ്. ഈ എല്ലാ നന്മകളും നാം സ്വായത്തമാക്കാൻ ശ്രമിക്കേണ്ടതാണ്. അതിന്റെ പ്രകടനം കാഴ്ചവയ്ക്കേണ്ടത് ഇങ്ങനെ ജനങ്ങൾ ഒരുമിച്ചു കൂടുമ്പോഴാണ്. ഒരു മനുഷ്യന്റെ സ്വഭാവം വെളിവാകുന്നത് ഇത്തരം സന്ദർഭങ്ങളിലാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ), തന്നെ വിശ്വസിക്കുന്നവരെ വിശുദ്ധ ഖുർആനിന്റെ അധ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകമായ നിലയിൽ അവ സ്വായത്തമാക്കാൻ നിർദേശിക്കുക ഉണ്ടായി. പിന്നീട് നീതിയുടേയും പ്രത്യുപകാരത്തിന്റേയും നിലവാരം കരസ്ഥമാക്കണമെന്നും പറഞ്ഞു. നീതിയുടേയും പ്രത്യുപകാരത്തിന്റേയും നിലവാരം വിശുദ്ധ ഖുർആൻ സ്ഥാപിച്ചിട്ടുള്ളതുപോലെ മറ്റൊരു മതവും സ്ഥാപിച്ചിട്ടില്ല. ശത്രുവിന്റെ ശത്രുത നിലനില്ക്കെ അവനോട് നീതീയോടും ന്യായത്തോടുംകൂടി പെരുമാറുവിൻ. നീതി പുലർത്താൻ ശത്രുത നിങ്ങൾക്ക് തടസമാകരുത്. ഇതാണ് വിശുദ്ധ ഖുർആൻ പറയുന്ന നിലവാരം. അത് ഇസ്‌ലാമിന്റെ പ്രത്യേകതയാണ്. ഒരു മുസൽമാന്റെ പ്രത്യേകതയാണ്. അങ്ങനെയാണ് വേണ്ടതും. ഈ എല്ലാ കല്പനകളും സ്വായത്തമാക്കാനുള്ള കല്പനയാണ് നമുക്കുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ജൽസയിൽ അധികമായി ആളുകൾ വരുന്നു. അവിടെ ഉൽക്കൃഷ്ട സ്വഭാവത്തിന്റെ നിർവഹണം യഥാർഥ രീതീയിലുണ്ടാകണം. ഉൽക്കൃഷ്ട സ്വഭാവങ്ങളുടെ നിർവഹണത്തെ കുറിച്ച് അറിയാൻ കഴിയുന്നത് ജനങ്ങൾ കൂടിയിരിക്കുമ്പോൾ അത് പ്രകടിപ്പിക്കുമ്പോഴാണ്. സ്വഭാവം മികച്ചനിലയിൽ ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾ ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം സമർപിക്കുന്നവരായി നാം മാറും. ഈ മാതൃകയാണ് അഹ്മദിയ്യത്തിന്റെ പ്രബോധനത്തിനുള്ള കാരണമായിത്തീരുന്നത്.സ്വഭാവത്തിന്റെ ഈ മാതൃക കാണിക്കുക എന്നതാണ് ഒരു അഹ്മദിയുടെ പ്രത്യേകത. അങ്ങനെതന്നെയാണ് ആവേണ്ടതും. ഒരുപാടാളുകൾ ഈ ഉൽക്കൃഷ്ട സ്വഭാവം കണ്ടുകൊണ്ട് ജമാഅത്തിനോട് അടുക്കുന്നു. നിങ്ങളിലെ ചിലയാളുകളുടെ പൂർവികരും ജൽസയുടെ അനുഗ്രഹത്താൽ അഹ്മദിയ്യാ ജമാഅത്തിൽ ചേർന്നവരായിട്ടുണ്ടാകും. രണ്ടുമാസം മുമ്പേ ജർമനിയിൽ ജൽസ നടന്നു. അതിൽ അയൽ രാജ്യത്ത്നിന്ന് അമുസ്‌ലിം ദമ്പതിമാർ വന്നിരുന്നു. അവർ ഇസ്‌ലാമിന്റെ ശത്രുക്കളായിരുന്നു. കുറഞ്ഞ പക്ഷം ഇസ്‌ലാമിനെക്കുറിച്ച് നല്ല അഭിപ്രയമുള്ളവരായിരുന്നില്ല. എന്നാൽ, അഹ്മദിയ്യത്തിനെക്കുറിച്ച് അല്പം അവർ കേട്ടിരുന്നു. 'ഇസ്‌ലാം ശാന്തിയുടേയും സമാധാനത്തിന്റേയും മതമാണെന്ന് അഹ്മദികൾ വീരവാദം മുഴക്കുന്നു, എന്തായാലും എന്തെങ്കിലും കഴമ്പുണ്ടോ എന്ന് നമുക്ക് പോയിനോക്കാം' എന്ന ചിന്തയോടെയാണ് അവർ ഇവിടെ വന്നത്. ഇവിടെ എന്തെങ്കിലും കണ്ടാൽ ആക്ഷേപം ഉന്നയിക്കുകയും ചെയ്യാം. പക്ഷേ. ജൽസയുടെ ദൃശ്യം കണ്ടപാടെ അവരുടെ മുഖച്ഛായ മാറി. അവർ ബയ്അത്ത് ചെയ്തു. അവരുമായി പിന്നീട് കൂടിക്കാഴ്ചയും നടത്തിയിരുന്നു.

ബയ്അത്ത് വാങ്ങിക്കൊണ്ടിരിക്കുമ്പോൾ അതിന്റെ ദൃശ്യം കണ്ട് ഉദ്ദേശ്യമൊന്നും കൂടാതെതന്നെ തങ്ങൾ അതിൽ പങ്കെടുത്ത് പോകാറുണ്ടെന്ന് ചിലയാളുകൾ പറയാറുണ്ട്. നമ്മുടെ

മാതൃകകൾ വിഭിന്നമാണെങ്കിൽ അല്ലെങ്കിൽ നമ്മളിലെ ഭൂരിപക്ഷമാളുകളുടേയും മാതൃകകൾ വിഭിന്നമാണെങ്കിൽ താൽക്കാലികമായിട്ടുപോലും അതിന്റെ ദൃശ്യം അവരിൽ ഒരു സ്വാധീനവും ഉണ്ടാക്കുകയില്ല. അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള നന്മയുടെ താൽക്കാലിക ദൃശ്യം ഹൃദയത്തെ വശീകരിക്കുന്ന അവസ്ഥ ഉണ്ടാക്കുകയില്ല. അതുകൊണ്ട് ജൽസയിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയും നിശബ്ദമായിട്ട് തബ്‌ലീഗ് ചെയ്യുന്നവരാണ്. കഴിഞ്ഞ ജുമുഅയിൽ ഞാൻ പ്രവർത്തകരെ സംബന്ധിച്ച് പറഞ്ഞിരുന്നു. അതായത് അവരുടെ കർമം നിശബ്ദമായി തബ്‌ലീഗ് ചെയ്യുന്നുണ്ടെന്ന്. പക്ഷേ, ഇത് പ്രവർത്തകർ മാത്രമല്ല. ജൽസയിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയും മുബല്ലിഗാണ്. മറ്റുള്ളവരെ ആകർഷിക്കുന്നവരാണ്. അതുകൊണ്ട് ജൽസയിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയുടേയും പുരുഷനും സ്ത്രീയും കുട്ടിയും വൃദ്ധനും എല്ലാവരുടേയും നിർബന്ധ കടമയാണ് തങ്ങളുടെ മാതൃകകൾ ആകർഷണീയമാക്കിത്തീർക്കുക എന്നത്. ഈ മാതൃകകൾ താൽക്കാലികമാകാൻ പാടില്ല. പ്രത്യുത സ്വന്തം അവസ്ഥകളിൽ സ്ഥിരമായ മാറ്റം ഉള്ളിലുണ്ടാക്കാൻ പരിശ്രമിക്കേണ്ടതാണ്. അത് നമ്മെ യഥാർഥ മുസൽമാനാക്കിത്തീർക്കണം. അതുകൊണ്ട്  ജൽസയിൽനിന്ന് യഥാർഥമായ അനുഗ്രഹമെടുക്കാൻ നമ്മളിൽ ഓരോരുത്തരും നമ്മുടെ പ്രാധാന്യവും ഉത്തരവാദിത്തവും മനസ്സിലാക്കേണ്ട ആവശ്യമുണ്ട്. ഉൽക്കൃഷ്ട സ്വഭാവത്തിന്റെ പ്രകടനത്തെ സംബന്ധിച്ച് ഒരു മുസൽമാനുള്ള കല്പന സമാധാന സന്ദേശം എത്തിച്ചുകൊടുക്കുക എന്നതുമാണ്. നബി(സ)തിരുമേനി പറഞ്ഞു, **തഖ്‌റ ഉസ്സലാം അലാ മൻ അർഫത്ത വമൻലം തഅ്‌രിഫ്** നിങ്ങൾ അറിയുന്നവർക്കും അറിയാത്തവർക്കും സലാം പറയുക. ഇതൊരു കല്പനയാണ്. കുറിപ്പടിയാണ്. ഇതിന്റെ ആത്മാവു മനസ്സിലാക്കിക്കൊണ്ടു പ്രവർത്തിക്കുകയാണെങ്കിൽ ദുൻയാവിലെ കലഹങ്ങൾ അവസാനിപ്പിക്കാവുന്നതാണ്. ഒരാൾ മറ്റൊരാൾക്കുവേണ്ടി സമാധാനത്തിനായി പ്രാർഥിക്കുമ്പോൾ മനസ്സിൽ വിദ്വേഷവും പകയും വെറുപ്പും അഹങ്കാരവികാരവും തള്ളിവരുന്ന പ്രശ്നമേ ഉദിക്കുന്നില്ല. അതിനുള്ള നിബന്ധന ഹൃദയത്തിൽനിന്ന് വിളി ഉയരണം എന്നതാണ്. ഈ തിന്മകളൊന്നുമില്ലെങ്കിൽ സമൂഹത്തിൽ ഒരുതരത്തിലുള്ള കലഹവും ഉണ്ടാകുകയില്ല. അതുകൊണ്ട് സമാധാനസന്ദേശം വ്യാപിപ്പിക്കേണ്ട ആവശ്യമുണ്ട്. സലാം വിശാലമാക്കാൻ ഇസ്‌ലാം പറഞ്ഞിട്ടുള്ളതാണ്. അറിയുന്നവർക്കും സ്വന്തം ആളുകൾക്കും മാത്രമല്ല സലാം പറയേണ്ടത്. മറിച്ച് എല്ലാവരോടും സലാം പറയേണ്ടതാണ്. ജൽസയിൽ വരുന്ന ഓരോരുത്തരും ഇത് പാലിക്കേണ്ടതാണ്. ഇതിന് ശ്രമിക്കേണ്ടതാണ്. ഈ അന്തരീക്ഷത്തിൽ കഴിയുന്നത്ര സമാധാനം വിതറുക. അന്തരീക്ഷം മുഴവൻ സമാധാന നിർഭരമായിത്തീരട്ടെ. നമ്മൾ അല്ലാഹുവിന്റെ അനുഗ്രഹവും സമാധാനവും കരസ്ഥമാക്കുന്നവരാകട്ടെ.

സംഘടനാപരമായ ചില കാര്യങ്ങളും പറയാനാഗ്രഹിക്കുകയാണ്. ഇതിൽ മുമ്പേതന്നെ ശ്രദ്ധയുണ്ടെങ്കിലും ഓർമപ്പെടുത്തുകയാണ്. പ്രത്യേകിച്ചും കുട്ടികളുമായി വരുന്ന പുരുഷന്മാരോട്. ചെറിയ കുട്ടികൾ പൊതുവെ ഉമ്മയോടൊപ്പമാണ് ഉണ്ടാകാറുള്ളത്. പുരുഷന്മാർ തങ്ങളോടൊപ്പം വരുന്ന കുട്ടികളെ ജൽസയുടെ നേരത്ത് കളിക്കാൻ വിടാൻ പാടില്ല. അങ്ങനെയായാൽ കുട്ടികൾക്ക് ജൽസയോട് ആദരവ് ഒരിക്കലും ഉണ്ടാകുകയില്ല, ഏഴു വയസ്സിനുശേഷം കുട്ടിയെ നമസ്കരിപ്പിക്കേണ്ടതാണെന്ന് പറയാൻ കാരണം കുട്ടി ആ പ്രായത്തിൽ അത് മനസ്സിലാക്കുന്നതുകൊണ്ടാണ്. അതുകൊണ്ട് 'നീ ഇന്ന ഉദ്ദേശ്യത്തിനായിട്ടാണ് വന്നിട്ടുള്ളത്, അത് ഇപ്പോഴെ പഠിക്കുക' എന്ന് കുട്ടികൾക്ക് പറഞ്ഞുകൊടുക്കണം. കുട്ടിക്കാലം മുതൽ ട്രൈനിംഗ് കൊടുത്തില്ലെങ്കിൽ ജൽസയുടെ പവിത്രത അവരിലുണ്ടാകകയില്ല. പിന്നീട് ഉണ്ടാകുന്നത് ആ കുട്ടികളെ മറയാക്കിക്കൊണ്ട് പിതാവും വെളിയിൽ ചുറ്റിക്കറങ്ങും എന്നതാണ്. പിന്നീട് കുട്ടികൾ കളിക്കുന്നുവെന്നുള്ള പരാതികൾ വരാൻ തുടങ്ങുന്നു. ഇത് തെറ്റായ സ്വാധീനമായിരിക്കും ഉണ്ടാക്കുക. ഇപ്രകാരംതന്നെ സ്ത്രീകളും ജൽസയുടെ പരപാടി കേൾക്കുന്നതിന് പകരം വെളിയിലിരുന്നു സംസാരിക്കുന്നു എന്ന പരാതിയും ഉണ്ടാകുന്നു. അവരും ജൽസയുടെ പരിപാടി കേൾക്കേണ്ടതാണ്. കാരണം ഓരോ പ്രസംഗവും അറിവും ആത്മീയതയും വർധിപ്പിക്കാൻ സഹായകരമായിരിക്കും. ഒരു അഹ്‌മദി പ്രസംഗകനും ഖുർആൻ, ഹദീസ്, ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾക്ക് വെളിയിൽനിന്ന് പ്രസംഗിക്കാറില്ല. ഇന്നത്തെ ആവശ്യവും അതുതന്നെയാണ്. അതുകൊണ്ട് ഇക്കാര്യത്തിന്റെ പ്രാധാന്യവും മനസ്സിലാക്കുക. ജൽസയുടെ ഹാജർ നില പങ്കെടുത്തുകൊണ്ടുമാത്രം വർധിപ്പിക്കാതെ ഉള്ളിരുന്നുകേട്ട് ഈ ജൽസയിൽനിന്ന് ശരിയായ ഫലമെടുക്കുക. ഇന്ന പ്രസംഗം കേൾക്കാം, ഇന്നത് കേൾക്കണ്ട എന്നൊന്നും പറയാൻ പാടില്ല. അല്ലെങ്കിൽ തങ്ങൾ ആദ്യമേ കേട്ടതാണെന്നും പറയാൻ പാടില്ല. ഇതെല്ലാം തെറ്റായ പ്രവണതകളാണ്. ഓരോ പ്രസംഗകനും തയ്യാറായിട്ടാണ് വരുന്നത്. അവരുടെ പ്രസംഗങ്ങൾ കേൾക്കേണ്ടതാണ്. ജൽസയിൽ പങ്കെടുക്കാനാണ് വന്നിട്ടുള്ളതെങ്കിൽ അതിലെ എല്ലാ പരിപാടികളും കേൾക്കാൻ ശ്രമിക്കണം. ചെറിയ കുട്ടികളുടെ മാതാക്കൾക്കുവേണ്ടി പ്രത്യേക പന്തലുണ്ട്. കുട്ടികളുടെ ബഹളം കുറവാണെന്നും ആ കുട്ടികളുടെ ബഹളത്തിന്റെ മറവിൽ സ്ത്രീകൾ പരസ്പരം കൂടുതൽ സംസാരിക്കുകയാണെന്നുമുള്ള പരാതി അവിടെ നിന്ന് വരാറുണ്ട്. അതുകൊണ്ട് ആ ഭാഗത്തേക്ക് ലജ്ന സംഘാടകരും മറ്റുള്ള സ്ത്രീകൾ തന്നെയും കൂടുതൽ ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്.

സ്ത്രീകൾ സ്വയം നിശബ്ദരാകുകയാണെങ്കിൽ കുട്ടികളുടെ ശബ്ദം കുറച്ചേ ഉണ്ടാകുകയുള്ളു. വേദിയിൽ നടക്കുന്ന പ്രസംഗങ്ങളുടെ ശബ്ദം അധികമാളുകൾക്കും കുറച്ചൊക്കെ കേൾക്കാൻ കഴിയും. അതുകൊണ്ട് ഫലവും ഉണ്ടാകും. അതിനാൽ ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ഓരോ കാര്യവും സൂക്ഷ്മദൃഷ്ടിയോടെയായിരിക്കണം ചെയ്യേണ്ടത്. ഒരു കാര്യവും നിസാരമായി കാണരുത്. സെക്യൂരിറ്റി പ്രവർത്തകർക്കു പുറമെ മറ്റു പ്രവർത്തകരും ജാഗ്രതയോടെ തന്റെ നാലു ഭാഗവും ദൃഷ്ടി പതിപ്പിക്കേണ്ടതാണ്. അതുപോലെ ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരും നമ്മുടെ സെക്യൂരിറ്റി തന്നെയാണ്. നമ്മുടെ ചുറ്റുപാടും ദൃഷ്ടി പതിപ്പിക്കുക എന്നത് ഓരോ അഹ്‌മദിയുടേയും നിർബന്ധ കടമയാണ്. എന്തെങ്കിലും ശ്രദ്ധാർഹമായ കാര്യം കണ്ടാലുടൻ സംഘാടകരെ വിവരമ

റിയിക്കുക. ചില തിരക്കുള്ള സ്ഥലങ്ങളുണ്ട്. അവിടെയും വലിയ ക്ഷമയുടേയും അച്ചടക്കത്തിന്റേയും ദൃശ്യം കാണി ക്കേണ്ടതാണ്. ഇപ്രകാരംതന്നെ സെക്യൂരിറ്റിയുടെ തിരക്ക് ഉണ്ടാകുമ്പോൾ ജാഗ്രത പുലർത്തേണ്ട ആവശ്യമുണ്ട്. അത്ത രം ഘട്ടങ്ങളിലും ചിലപ്പോൾ ചില സംഭവങ്ങൾ ഉണ്ടാകാറു ണ്ട്. അതുകൊണ്ട് വളരെ ജാഗ്രത പാലിക്കണം. പിന്നീട് പങ്കെടുക്കുന്നവർ ഡ്യൂട്ടിയിലുള്ളവരുടെ നിർദേശങ്ങൾ ദോഷമൊന്നും വിചാരിക്കാതെ പാലിക്കേണ്ടതാണ്. നിർ ദേശം നല്കുന്ന ആൾ ചെറുതാണോ വലുതാണോ എന്നൊ ന്നും നോക്കേണ്ടതില്ല. അയാൾ തന്റെ നിർബന്ധ കടമ നിറ വേറ്റുന്നുവെങ്കിൽ അതിന് പ്രധാന്യം നല്കുക. അയാൾ പറ യുന്നത് അംഗീകരിക്കുക. പ്രസിദ്ധീകരിച്ചിട്ടുള്ള പരിപാടിക ളിൽ എല്ലാ നിർദേശവുമുണ്ട്. അത് വായിക്കുകയും അതനു സരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും ചെയ്യുക.

പിന്നീടൊരു പരാതി ഉണ്ടാകാറുണ്ട്. അത് ജൽസയ്ക്കു ശേഷം പറയേണ്ടതിനു പകരം ആദ്യമെ പറയേണ്ട ആവ ശ്യമാണുള്ളത്. അതായത് നിങ്ങളുടെ ഐ.ഡി.കാർഡിന്റെ സംരക്ഷണം. കാർഡ് ശരിയായി ഉപയോഗിക്കേണ്ടത് ഓരോ രുത്തർക്കും നിർബന്ധമാണ്. ഏതെങ്കിലും പരിചയക്കാർക്ക് തന്റെ കാർഡ് കൊടുക്കാൻ പാടില്ല. എവിടെയിരിക്കാനും പോകാനുമാണോ ആ കാർഡ് തന്നിട്ടുള്ളത് അവിടെ അത് ഉപയോഗിക്കുക. കാർഡിന്റെ ഉടമയ്ക്കുമാത്രമാണ് അത് ഉപ യോഗിക്കാൻ അനുവാദമുള്ളത്. അതുകൊണ്ട് നിങ്ങൾ സ്നേഹിതർക്കോ ബന്ധുക്കൾക്കോ പരിചയക്കാർക്കോ കാർഡ് കൈമാറരുത്.

എല്ലാത്തിലുമുപരിയായി ദുആ ചെയ്യുക. അല്ലാഹു എല്ലാ വിധത്തിലും ജൽസ അനുഗൃഹീതമാക്കട്ടെ. കഴിവനുസരിച്ച് സ്വദഖയും നിത്യവും കൊടുക്കാവുന്നതാണ്. എന്നല്ല കൊടു ക്കേണ്ടാതാണ്. ജൽസയുടെ എല്ലാ അനുഗ്രഹങ്ങളും സ്വരു ക്കൂട്ടാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Hadeeqat-ul-Mahdi,London – on 29.08.14
Summarized by Nazarath Nashr-O-Isha'ath, Qadian
Malayalam Translation : Mau.Mohammad Ismaeel,Alleppey For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To